"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. അരുൺ പുരുഷോത്തമൻ, ഓഫീസ് അറ്റൻഡന്റ്, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി - ചികിത്സ പ്രതിപൂരണം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.45/2026/ID തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 22/04/2013-ലെ സ.ഉ. (അച്ചടി) നം. 144/2013/ആ.കു.വ
2. 21/01/2016-ലെ സ.ഉ. (അച്ചടി) നം. 10/2016/ആ.കു.വ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/03/2025-ലെ MR1/6327/2025/DHS നമ്പർ കത്ത്
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 18/05/2024, 21/03/2025,01/12/2025 തീയതികളിലെ ഡിഐസി/ 2207/2024-എസി6 നമ്പർ കത്തുകൾ

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അരുൺ പുരുഷോത്തമനെ 23/04/2022 തീയതിയിൽ, നടന്ന അപകടത്തെ തുടർന്ന് ഗുരുതര പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അടിയന്തിര ശസ്ത്രക്രിയകൾക്ക് കാലതാമസം നേരിടുമെന്ന് അറിയിച്ചതിനെ തുടർന്ന് Neuro & Spine ശസ്ത്രക്രീയകൾക്കായി എർണാകുളത്തെ Aster medicity ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ തുടർ ചികിത്സ നടത്തുകയും ചെയ്ത വകയിൽ ടിയാന് ചെലവായ തുക പ്രതിപൂരണം അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ 2,10,834/- രൂപ പ്രതിപൂരണത്തിന് അർഹതയുണ്ടെന്ന് പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി CFSCയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അരുൺ പുരുഷോത്തമൻ 25.04.2022 മുതൽ 04.05.2022 വരെ ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 2,10,834/-രൂപയുടെ 80 ശതമാനമായ 1,68,667/- രൂപ (ഒരു ലക്ഷത്തി അറുപത്തെണ്ണായിരത്തി അറുന്നൂറ്റി അറുപത്തേഴ് രൂപ മാത്രം) പ്രതിപൂരണം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. അരുൺ പുരുഷോത്തമൻ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 15-01-2026 11:06:29